LIBRARY ARCHIVES Kerala Legislative Assembly

പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ

39 [357] ശ്രീ. കെ. അച്ചുതൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. സി. പി. മുഹമ്മദ്:
" ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്ന് ആദ്യ നൂറ് ദിവസത്തിനകം എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനാണ് പരിപാടിയുണ്ടായിരുന്നത്;

(ബി) നിശ്ചിത തീയ്തിക്കുള്ളിൽ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ കഴിഞ്ഞു;

(സി) ഇതുകൊണ്ട് എത്ര ഉപഭോക്താക്കൾക്ക് പ്രയോജനം കിട്ടിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 500 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി) 1002 ട്രാൻസ്ഫോർമറുകൾ നിശ്ചിത സമയത്തിനുള്ളിൽ സ്ഥാപിച്ചു.

(സി) ഏകദേശം 164,765 ഉപഭോക്താക്കൾക്ക് ഇതുമൂലം പ്രയോജനം കിട്ടി.

സബ്സ്റ്റേഷൻ നിർമ്മാണ നടപടികൾ

40 [358] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് അക്വിസിഷൻ നടത്തുകയും നിർമ്മാണം കോൺട്രാക്ട് നൽകുകയും ചെയ്തിട്ടുള്ള എത്ര സബ്സ്റ്റേഷനുകളുടെ നിർമ്മാണം ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 100 ദിവസത്തെ സർക്കാർ പരിപാടിയുടെ ഭാഗമായി ഇപ്രകാരമുള്ള എത്ര സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ തീരുമാനമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂർത്തിയാക്കേണ്ടതായിട്ടുള്ള സബ്സ്റ്റേഷനുകളുടെ എണ്ണം താഴെ ചേർക്കുന്നു:

220	കെ. വി. സബ്സ്റ്റേഷൻ	. .	4
110	കെ. വി. സബ്സ്റ്റേഷൻ	. .	10
66	കെ. വി. സബ്സ്റ്റേഷൻ	. .	7
33	കെ. വി. സബ്സ്റ്റേഷൻ	. .	46
	ആകെ	. .	67

(ബി) ഇവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) താഴെ പറയുന്ന സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി.

110	കെ. വി. സബ്സ്റ്റേഷൻ	. .	6
66	കെ. വി. സബ്സ്റ്റേഷൻ	. .	1
33	കെ. വി. സബ്സ്റ്റേഷൻ	. .	14
	ആകെ	. .	21

സംസ്ഥാനത്തെ പുതിയ സബ്സ്റ്റേഷനുകൾ

41 [359] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 3 മാസത്തിനിടയിൽ എത്ര സബ്സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചുവെന്നും ഇതുമൂലം എത്രപേർ ഗുണഭോക്താക്കളായിയെന്നും വ്യക്തമാക്കുമോ;

(ബി) ഇനി പുതുതായി എത്ര സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ 3 മാസത്തിനിടയിൽ താഴെപ്പറയുന്ന 25 സബ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിച്ചു:

110	കെ. വി. സബ്സ്റ്റേഷൻ	. .	7
66	കെ. വി. സബ്സ്റ്റേഷൻ	. .	3
33	കെ. വി. സബ്സ്റ്റേഷൻ	. .	15
	ആകെ	. .	25

ഇതുമൂലം ഏകദേശം 637,500 പേർ ഗുണഭോക്താക്കളായി.

LIBRARY ARCHIVES Kerala Legislative Assembly